**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി മുന്ന.പി.സദാനന്ദിന്റെ ഭർത്താവ് പരേതനായ ഇ.കെ. സുധീർ ബാബുവിന്റെ ചികിൽസാ ചെലവുകൾ - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.1878/2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം,17.07.2013.**

---

പരാമർശം:- 1) ശ്രീമതി. മുന്ന.പി.സദാനന്ദിന്റെ 01/02/2011 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 26/09/2012 ലെ എഫ്2-30523/12 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. മുന്ന. പി. സദാനന്ദിന്റെ ഭർത്താവ് പരേതനായ ഇ.കെ. സുധീർ ബാബുവിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഉദര സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 2,20,757-രൂപ (രൂപ രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ്റി അൻപത്തി ഏഴ് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 1,76,606/ (രൂപ ഒരു ലക്ഷത്തി എഴുപത്തി ആറായിരത്തി അറുന്നൂറ്റി ആറ് മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി മുന്ന.പി.സദാനന്ദിന്റെ ഭർത്താവ് പരേതനായ ഇ.കെ. സുധീർ ബാബുവിന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഉദര സംബന്ധമായ അസുഖങ്ങൾക്ക്

ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ രൂപ 1,76,606/ (രൂപ ഒരു ലക്ഷത്തി എഴുപത്തി ആറായിരത്തി അറുന്നൂറ്റി ആറ് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീമതി. മുന്ന പി. സദാനന്ദിന്റെ ഭർത്താവ് പരേതനായ ഇ.കെ. സുധീർ ബാബുവിന് നേരിട്ട ചികിൽസാ ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ രൂപ 1,76,606/ (രൂപ ഒരു ലക്ഷത്തി എഴുപത്തി ആറായിരത്തി അറുന്നൂറ്റി ആറ് മാത്രം) കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകയ്ക്ക് അനുവദിക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ശ്രീമതി. മുന്ന പി. സദാനന്ദ് , അക്കൗണ്ടന്റ്, കതിരൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
കതിരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര വകുപ്പ് (10/06/2013 ലെ യു.ഒ 41007/WW3/2013/ഫിൻ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ